സാഹിത്യവാരഫലം

1994/05/08 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1994/05/08-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

റോബർട് ഷൂമാൻ

റോബർട് ഷൂമാൻ (Robert Schumann, 1810–1856) ലോകജനതയാകെ അറിഞ്ഞ പിയാനൊ വായനക്കാരനായിരുന്നു. അദ്ദേഹത്തിന് ഇരുപതു വയസ്സായപ്പോൾ ഒരാഗ്രഹം വലതുകൈയിലെ വിരലുകൾക്ക് നീളം കൂട്ടണമെന്ന്. അങ്ങനെ നീളം കൂട്ടിയാൽ കറെക്കൂടി ഭംഗിയായി പിയാനൊ വായിക്കാമല്ലോ എന്നാണ് ഷൂമാൻ വിചാരിച്ചത്. ആരോ കണ്ടുപിടിച്ച ഒരു സ്ട്രെച്ചിങ് മെഷീനിൽ വിരലുകൾവച്ച് അദ്ദേഹം വേദന സഹിച്ച് ഇരിക്കുമായിരുന്നു. ഷൂമാന്റെ ഭാര്യ ക്ലാരയും പിയനിസ്റ്റായിരുന്നു. ഭർത്താവിന്റെ ഈ അമിതാഭിലാഷം കണ്ട് അവർക്ക് നൈരാശ്യവും അദ്ദേഹത്തിന്റെ തീവ്രവേദന കണ്ട് വിഷാദവും ഉണ്ടായി. ഷൂമാനുണ്ടോ അതിൽനിന്നു പിന്മാറുന്നു? വിരലുകൾക്കു ക്ഷതം പറ്റുന്നതുവരെ അദ്ദേഹം അവ നീട്ടാൻ ശ്രമിച്ചു. ഒടുവിൽ സംഭവിച്ചത് എന്താണെന്നോ? ഷൂമാൻ റൈൻ നദിയിൽ ചാടി ജീവിതം അവസാനിപ്പിച്ചു. (Tom Robbins എഴുതിയ “Even cowgirls get their Blues” എന്ന നോവലിൽ നിന്ന്.)

കുട്ടികൾക്കായാലും സാഹിത്യരചനയ്ക്കു സമ്മാനം കൊടുക്കുന്നത് യന്ത്രത്തിൽ വച്ച് വിരലുകൾ നീട്ടുന്നതിനു സദൃശമാണ്. ഒന്നേയുള്ള വ്യത്യാസം ഷൂമാൻ തനിയെയങ്ങു വിരലുകൾ വച്ചുകൊടുത്തതാണ്; കുട്ടികളുടെ കാര്യത്തിലാണെങ്കിൽ മറ്റുള്ളവർ പിടിച്ചു യന്ത്രത്തിൽ വയ്ക്കുന്നു.

ഈ പ്രക്രിയയാണ് ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കാണുന്നത്. കഥാമത്സരം നടത്തുന്നതു നന്ന്. ആർക്കെങ്കിലും സമ്മാനം നല്കണമല്ലോ. അതുകൊണ്ട് തമ്മിൽ ഭേദം തൊമ്മൻ എന്ന രീതിയിൽ അതു കൊടുക്കാം. വേണമെങ്കിൽ നാലു നല്ല വാക്കുകൾ പറയുകയും ചെയ്യാം. എന്നാൽ ബഹുജനദൃഷ്ടിയിൽ അഭിജ്ഞരായ പ്രാഡ്വിവാകന്മാർ അത്തരം കഥകളെ വിദഗ്ദ്ധ ചിത്രീകരണങ്ങളായി വിശേഷിപ്പിക്കുമ്പോൾ അത് അത്യുക്തിയോ സ്ഥൂലീകരണമോ ആയിത്തീരുന്നു. ആ വിശേഷിപ്പിക്കലിനെ ആത്മവഞ്ചനയും ജനവഞ്ചനയുമായി ചിലർ കണ്ടെന്നും വരും.

മഹാരാഷ്ട്രയിലെ ഖിലാരി ഗ്രാമത്തിലും മറ്റു പ്രദേശങ്ങളിലുമുണ്ടായ ഭൂകമ്പത്തെ ആസ്പദമാക്കി ‘ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം’ എന്നൊരു ചെറുകഥ രചിക്കപ്പെട്ടു. അതിന്റെ രചയിതാവായ ശ്രീ. സുഭാഷ് ചന്ദ്രനാണ് ഒന്നാം സമ്മാനം നല്കിയിരിക്കുന്നത്. ഭൂചലനത്തെത്തുടർന്ന് എല്ലാം തകർന്നപ്പോൾ തന്റെ ഉപകർത്താവായിത്തീരാൻ സൗജന്യം കാണിച്ച ഒരാളിന്റെ ക്ലോക്ക് മോഷ്ടിച്ചു കൊണ്ട് കള്ളൻ ബുക്കാറാം നടന്നു. ബന്ധുക്കൾ നഷ്ടപ്പെട്ട് ഭൂകമ്പത്തിന്റെ “നാശനഷ്ട”ങ്ങൾക്കിടയിൽക്കിടന്ന ഒരു കുഞ്ഞിനെക്കണ്ട് കള്ളന്റെ മനസ്സ് അലിയുന്നു. താൻ ശിശുവായിരുന്നപ്പോൾ അച്ഛൻ കാണിച്ച വാത്സല്യമോർമ്മിച്ച കള്ളന് ആ ആർദ്രത ഇരട്ടിയായി. അവൻ കുഞ്ഞിനെയും കൊണ്ടുനടക്കുമ്പോൾ കഥ അവസാനിക്കുന്നു.


ലഫ്കാഡിയോ ഹേൺ

കള്ളന്മാരുടെ കാരുണ്യത്തെക്കുറിച്ചുള്ള ഇമ്മാതിരിക്കഥകൾ ഞാൻ ധാരാളം കേട്ടിട്ടുണ്ട്. ജപ്പാനിലെ കായങ്കുളം കൊച്ചുണ്ണിയോ ഇത്തിക്കരപ്പക്കിയോ മുളമൂട്ട് അടിമയോ ആയിരുന്നു ഇഷീക്കാവ ഗൊയ്മോൺ. ആളുകളെ കൊന്നു മോഷണം നടത്താൻ ഒരു വീട്ടിൽ കയറിയ ആ തസ്കരൻ തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിനാൽ ആകർഷിക്കപ്പെട്ടു. ശിശു ചിരിച്ചുകൊണ്ട് അവന്റെ നേർക്കു കൈനീട്ടിയപ്പോൾ ആ കള്ളൻ എല്ലാം മറന്നു. നേരം വെളുക്കുന്നതുവരെ അവൻ ആ കുഞ്ഞുമായി കളിച്ചുനിന്നു. മോഷ്ടിക്കാതെ, കൊല്ലാതെ അവിടംവിട്ടു പോകുകയും ചെയ്തു. ലഫ്കാഡിയോ ഹേണിന്റെ (Lafcadio Hearn, 1850–1904) Writings from Japan എന്ന വിശിഷ്ടഗ്രന്ഥം വായിച്ച ഓർമ്മയിൽനിന്നാണ് ഇതു കുറിക്കുന്നത്. ഇതു മാത്രമല്ല. ഹേൺ ജപ്പാനിലായിരുന്ന കാലത്ത് ഭീതിദമായ കൊലപാതകം നടന്ന ഒരു വീട്ടിൽ. അവിടെയുണ്ടായിരുന്ന എല്ലാവരെയും കള്ളന്മാർ കൊന്നു. ഉറങ്ങിക്കിടന്ന ഏഴുപേരെയാണ് കൊലപാതകികൾ നുറുക്കിക്കളഞ്ഞത്. എന്നാൽ രക്തത്തിൽ മുങ്ങിക്കിടന്ന ഒരു ശിശു ജീവനോടെ അവിടെയുണ്ടായിരുന്നു. കൊലപാതകികൾ കുഞ്ഞിന് ഒരു പോറൽപോലും പറ്റാതിരിക്കാൻ നന്നേ ശ്രദ്ധിച്ചുവെന്നു പോലീസ് കണ്ടുപിടിച്ചു. ഇതു യഥാർത്ഥ സംഭവം. കാല്പനിക കഥകളും ഇതേ വിഷയത്തെക്കുറിച്ച് ഇല്ലാതില്ല.


ഹൈൻറിഹ് ഫൻ ക്ലൈസ്റ്റ്

ജർമ്മൻ സാഹിത്യകാരൻ ഹൈൻറിഹ് ഫൻ ക്ലൈസ്റ്റിന്റെ (Heinrich von Kleist, 1777–1811) ‘The Earthquake in Chile’ എന്ന കഥ വിശ്വപ്രസിദ്ധമാണ്. 1647 മേ 13-ആം തീയതി അന്നു ചില്ലിയിലെ സാന്ത്യാഗോപ്പട്ടണത്തിൽ ഉണ്ടായ ഭൂകമ്പത്തെ ആധാരമാക്കിയാണ് ക്ലൈസ്റ്റ് അക്കഥ എഴുതിയത്. ഒരു യുവാവിനോടു ലൈംഗികമായി ബന്ധപ്പെട്ട ഒരു യുവതിയെ അവളുടെ അച്ഛൻ കോൺവെന്റിലാക്കി. കന്യാസ്ത്രീമഠത്തിലായിട്ടും അവൾ കാമുകനോടുള്ള വേഴ്ച പുലർത്തിവന്നു. ഒരുദിവസം ഭദ്രാസനപ്പള്ളിയുടെ പടിക്കെട്ടിൽ അവൾ പ്രസവവേദനയോടെ വീണു. അവളുടെ തല വെട്ടിക്കളയാനായിരുന്നു വൈസ്രോയിയുടെ കല്പന. ബന്ധനസ്ഥനായ യുവാവു് തൂങ്ങിച്ചാകാൻ തീരുമാനിച്ചു. എന്നാൽ യുവതിയെ വധിക്കുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുൻപ് വലിയ ഭൂകമ്പമുണ്ടാകുകയും അപരാധം ചെയ്യാത്ത ആയിരക്കണക്കിനാളുകൾ മരിക്കുകയും ചെയ്തു. കാമുകിയും കാമുകനും രക്ഷപ്പെട്ടു. എങ്ങും തീയാണ്. എവിടെയും ധൂമമേഘങ്ങൾ. നദികരകവിഞ്ഞൊഴുകി പട്ടണത്തിലേക്കു കടന്നു. ശവക്കൂമ്പാരങ്ങൾ. തകർന്നുവീഴുന്ന ഭദ്രാസനപ്പള്ളിയിലേക്ക് ഓടിക്കയറി യുവതി കുഞ്ഞിനെ രക്ഷിച്ചു. അവളുടെ വധശിക്ഷയിൽ മനമലിഞ്ഞിരുന്ന മാഠാധ്യക്ഷ അവളെ അനുഗ്രഹിക്കാൻ ഉയർത്തിയ കൈകൾ അങ്ങനെതന്നെയിരിക്കെ നിഗ്രഹിക്കപ്പെട്ടു. അവരുടെകൂടെ അനേകം കന്യാസ്ത്രീകളും മരിച്ചു. യുവതിയെ കുറ്റിയിൽ കെട്ടി എരിക്കാൻ ആജ്ഞാപിച്ച ആർച്ച് ബിഷപ്പ് ചിതറിക്കിടക്കുകയാണ്. (വൈസ്രോയിയാണ് ആ ശിക്ഷയെ കഴുത്തുമുറിച്ചുകളയലായി ലഘൂകരിച്ചത്). എനിക്കു ക്ലൈസ്റ്റ് എഴുതിയ കഥ മുഴുവൻ സംഗ്രഹിച്ചെഴുതാൻ കൗതുകമില്ല. ദിനങ്ങൾ കഴിഞ്ഞ് ഈശ്വരനു നന്ദി പറയാൻ. അവശേഷിച്ച ഒരേയൊരു പള്ളിയുടെ മുൻപിലെത്തിയ യുവതിയെയും യുവാവിനെയും മതാന്ധരായ ഇനക്കൂട്ടം കൊന്നുകളഞ്ഞു. അവളുടെ കുഞ്ഞാണെന്നു തെറ്റിദ്ധരിച്ച് വേറൊരു ശിശുവിനെയും അവർ നിഗ്രഹിച്ചു. ഭയജനകമായ ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്. ആ ഭയജനകത്വത്തെ ഏതാനും വാക്യങ്ങൾകൊണ്ട് ക്ലൈസ്റ്റ് ചിത്രീകരിക്കുന്നുമുണ്ട്. ഞാൻ ഒരുജ്ജ്വല പ്രതിഭാശാലിയുടെ കഥയെ ഒരു ബാലന്റെ രചനയോടു തട്ടിച്ചുനോക്കുകയല്ല. യഥാർത്ഥമായ ഭാവനയേത് യഥാർത്ഥമായ ഭാവനാദാരിദ്ര്യമേത് എന്നു സ്പഷ്ടമാക്കാനേ വിചാരിക്കുന്നുള്ളു. സുഭാഷ്ചന്ദ്രന്റെ കഥയിൽ ഭൂകമ്പത്തിന്റെ ഭീകരത്വമില്ല. കൃത്രിമങ്ങളായ വാക്യങ്ങൾ മാത്രമേയുള്ളു. പേടിയുടെ അന്തരീക്ഷമില്ലാത്തതുകൊണ്ടു തസ്കരന്റെ പ്രവർത്തനങ്ങൾ അനുവാചകഹൃദയത്തെ സ്പർശിക്കുന്നതേയില്ല. ഭയത്തിന്റെ അന്തരീക്ഷത്തിൽ മനുഷ്യത്വം വികസിക്കുന്നതു കാണിച്ചാലേ കലയുടെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുള്ളു. അതിവിടെ ഉണ്ടാകുന്നില്ല. ഇതിലെ കള്ളനും വ്യക്തിത്വമില്ല. ആ നിശ്ചേതന കഥാപാത്രം കഥാകാരന്റെ ആജ്ഞ കേട്ടിട്ടും ചലനംകൊള്ളുന്നില്ല. കഥാകാരൻ വിവരിക്കുന്ന സംഭവം എനിക്കു സത്യമായി തോന്നണമെങ്കിൽ വാക്യങ്ങൾ എന്റെ മനസ്സിന്റെ അടിത്തട്ടിലേക്കു കടക്കണം. സുഭാഷ് ചന്ദ്രന്റെ കൃത്രിമവാക്യങ്ങൾക്ക് ഇതിനുവേണ്ട ശക്തി ഒട്ടുമില്ല. ഒരാന്റിക്ലൈമാക്സിലേക്കു നീങ്ങുന്ന ഈ രചന ആകാശത്തേക്ക് ഉയർന്ന് ‘ശ്രൂ’ എന്ന ശബ്ദം മാത്രം കേൾപ്പിച്ച് പൊട്ടാതെ ചിതറിപ്പോകുന്ന വാണത്തിന്റെ പ്രതീതിയാണ് എന്നിലുളവാക്കിയത്. സമ്മാനം നല്കപ്പെട്ട കവികളെക്കുറിച്ചും (സ്ത്രീയെക്കുറിച്ചു പറയുമ്പോഴും കവിയെന്നു മതി) എനിക്കൊരു നല്ല വാക്കും എഴുതാനില്ല. ഞാൻകൂടി പ്രാഡ്വിവാകരുടെ കൂട്ടത്തിലുണ്ടായിരുന്നെങ്കിൽ ഈ കഥകൾക്കും കാവ്യങ്ങൾക്കുംതന്നെ സമ്മാനം നിശ്ചയിക്കുമായിരുന്നു. കാരണം മറ്റുള്ളവ ഇവയെക്കാൾ കെട്ടവയായിരിക്കുമല്ലോ എന്നതുതന്നെ. കുട്ടികളുടെ രചനകളെ ഞാൻ കൊന്നു കൊലവിളി വിളിച്ചെന്നു ചിലർക്കു തോന്നുന്നുണ്ടാകാം. സാഹിത്യനിരൂപണത്തിൽ പ്രായം ‘ക്രൈറ്റീരിയൻ’—മാനദണ്ഡം—അല്ല. തന്റെ മുൻപിലിരിക്കുന്ന രചനയെ മാത്രമേ നിരൂപകൻ നോക്കേണ്ടതുള്ളു. ‘A work of art is either good or bad’ എന്ന് ഓസ്കാർ വൈൽഡ് പറഞ്ഞത് ഓർമ്മിക്കണം.

ചോദ്യം, ഉത്തരം

ചോദ്യം: തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ എന്നു കരുതപ്പെടുന്ന വർഗ്ഗത്തിലെ സ്ത്രീകളോട് ഉന്നതവർഗ്ഗജാതർ ലൈംഗികബന്ധം നടത്തുന്നത് എങ്ങനെ? അപ്പോൾ ജാതി വിസ്മരിക്കപ്പെടുമോ?

ഉത്തരം: സെക്സിനെസംബന്ധിച്ച ഒരു കാര്യവും ഈ പംക്തിയിൽ വരരുതെന്നാണ് എം. പി. അപ്പൻ സാറിന്റെ സ്നേഹപൂർവമായ നിർദ്ദേശം. അദ്ദേഹത്തോടു മാപ്പു ചോദിച്ചുകൊണ്ട് എഴുതട്ടെ. പൊക്കിളിനു താഴെ മതമില്ലെന്ന് ഒരു പഴഞ്ചൊല്ലുണ്ട്. പഴഞ്ചൊല്ലിൽ പതിരില്ലതാനും.

ചോദ്യം: ഒരു ശണ്ഠയുമില്ലാതെ, ഒരു പരുഷവാക്കുപോലും പറയാതെ ചിലർ ദാമ്പത്യജീവിതം നയിക്കുന്നുണ്ടല്ലോ. ദമ്പതികളുടെ ജീവിതത്തെക്കുറിച്ച് വിഷാദാത്മകനായ നിങ്ങൾക്ക് ഇതിലെന്തു പറയാനുണ്ട്?

ഉത്തരം: സിനിമയിലും നാടകത്തിലും ഓവറാക്റ്റിങ് ഉള്ളതുപോലെ ദാമ്പത്യജീവിതത്തിലും ഓവറാക്റ്റിങ് ഉണ്ട്.

ചോദ്യം: നവീന സാഹിത്യകാരന്മാരെ പുച്ഛിക്കാതെ അവർക്കൊരു ഉപദേശം കൊടുത്തുകൂടേ?

ഉത്തരം: ഞാനാര് ഉപദേശിക്കാൻ? മസ്തിഷ്കത്തിനു പ്രാധാന്യം കൊടുക്കുന്ന അവർ ഹൃദയത്തിനു പ്രാധാന്യം കൊടുത്താൽ നന്ന്.

ചോദ്യം: സാഹിത്യത്തിലെ എല്ലാ പരിവർത്തനങ്ങൾക്കും നിങ്ങൾ എതിരാണോ?

ഉത്തരം: പാരമ്പര്യത്തിൽ പുതുമ വരുത്തുന്ന പരിവർത്തനത്തിന് എതിരല്ല ഞാൻ. കുമാരനാശാൻ, ചങ്ങമ്പുഴ ഇവർ ആ രീതിയിൽ പരിവർത്തനം വരുത്തിയ കവികളാണ്. ഇന്നത്തെ പരിവർത്തനം പാരമ്പര്യത്തെ അവഗണിക്കുന്നതുകൊണ്ട് യഥാർത്ഥമായ പരിവർത്തനമല്ല; അതു പരിവർത്തനാഭാസം മാത്രം.

ചോദ്യം: ഭർത്താവിനെ ഭാര്യ ചതിച്ചാൽ, ഭാര്യയെ ഭർത്താവു ചതിച്ചാൽ ആർക്കാവും കൂടുതൽ കോപം?

ഉത്തരം: ഭർത്താവിന്. ഭാര്യ ചതിച്ചില്ലെങ്കിലും ചതിച്ചെന്നു വിചാരിച്ചല്ലേ ഒഥല്ലോ ഡെസ്ഡിമോണയെ കഴുത്തു ഞെരിച്ചുകൊന്നത്. ഭാര്യയെ കൊല്ലുന്ന ഭർത്താക്കന്മാർ ധാരാളം. ഭർത്താവിനെ കൊല്ലുന്ന ഭാര്യമാർ വിരളം.

ചോദ്യം: ഹിന്ദു സങ്കല്പമനുസരിച്ചു നരകമുണ്ടോ?

ഉത്തരം: ‘ഉണ്ട്. താമിസ്രഃ, അന്ധതാമിസ്രഃ രൗരവഃ, മഹാരൗരവഃ, കുംഭീപാകഃ, കാലസൂത്രം, അസിപത്രവനം, സൂകരമുഖം, അന്ധകൂപഃ, കൃമിഭോജനഃ ഇങ്ങനെ ഇരുപത്തൊന്നു നരകങ്ങളെക്കുറിച്ചു ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്. സർഗ്ഗം അഞ്ച്, അദ്ധ്യായം 26 ഭാഗം 7.

ചോദ്യം: ജൂഡാസേ!

ഉത്തരം: യേശുവായ താങ്കളുടെ വിളിക്ക് ‘എന്തോ’ എന്നു ഞാൻ വിളികേൾക്കുന്നു.

സർപ്പവും ലിലിപ്പൂവും


കാസാൻദ്സാക്കീസ്

കാസാൻദ്സാക്കീസ് ‘ഐറിഷ് ലാസ്’ എന്നു വിളിക്കുന്ന ഒരു പെൺകുട്ടിയാണ് അദ്ദേഹത്തെ ഇംഗ്ലീഷ് പഠിപ്പിച്ചത്. ഇംഗ്ലീഷ് ഭാവാത്മക കവിതയുടെ മാന്ത്രികത്വത്തിലേക്ക് അദ്ദേഹം അവളോടൊപ്പം ചെന്നു വീണു. അവളുടെ തോളിൽ തലചേർത്തുവച്ച് കാസാൻദ്സാക്കീസ് കീറ്റ്സിന്റെയും ബയറന്റെയും വരികൾ വായിച്ചപ്പോൾ അവളുടെ ഭുജകോടരങ്ങളിൽനിന്നു വന്ന തീക്ഷ്ണഗന്ധം ഉൾക്കൊണ്ട് അദ്ദേഹം കീറ്റ്സിനെയും ബയറനെയും വിസ്മരിച്ചു. അപ്പോൾ ഒരു മുറിക്കകത്ത് രണ്ടു മൃഗങ്ങൾ മാത്രം. ഒരാൾ ട്രൗസേഴ്സ് ധരിച്ചിരിക്കുന്നു; മറ്റേയാൾ ഡ്രസ്സിനകത്തും.

അവർ അടുത്തദിവസം ഒരു മലകയറി അതിന്റെ മുകളിലുള്ള കൊച്ചുപള്ളിയിലെത്തി. ഐറിഷ് പെൺകുട്ടിയുടെ മൂക്ക് വെളുത്തു. ചുണ്ടുകൾ കൂടുതൽ ചുവന്നു. അവർ ആ ദേവാലയം അശുദ്ധമാക്കി. കാസാൻദ്സാക്കീസ് ഐറിഷ് പെൺകുട്ടിയെ നോക്കി. ദന്തക്ഷതങ്ങളേറ്റ ചുണ്ടുകൾ കൂടക്കൂടെ നക്കിക്കൊണ്ട് അവൾ ചോക്കലിറ്റ് തിന്നുകയായിരുന്നു.

കാസാൻദ്സാക്കീസിനു കുറ്റബോധം. മൂന്നു വർഷം കഴിഞ്ഞു പശ്ചാത്താപത്തോടെ അദ്ദേഹം അവളുടെ വീട്ടിൽ ചെന്നു. പക്ഷേ, അവൾ വാതിൽ തുറന്നില്ല. വേദന സഹിക്കാനാവാതെ അദ്ദേഹം പനിപിടിച്ചു കിടന്നു. ഒരുദിവസം അദ്ദേഹം എഴുതാൻ തുടങ്ങി. അതാണ് ‘Serpent and Lily’ എന്ന മനോഹരമായ കൊച്ചുനോവൽ. ഇനി അവൾ അദ്ദേഹത്തെ വേദനിപ്പിക്കില്ല. കടലാസ്സിൽ എല്ലാക്കാലത്തേക്കുമായി കിടക്കുകയാണ് അവൾ. ഭാവനകൊണ്ട് അദ്ദേഹം യാഥാർത്ഥ്യത്തിനു പരിവർത്തനം വരുത്തി. യാഥാർത്ഥ്യവും ഭാവനയും തമ്മിലുള്ള സംഘട്ടനം. ഈശ്വരൻ എന്ന സ്രഷ്ടാവ്; മനുഷ്യൻ എന്ന സ്രഷ്ടാവ്. ഈശ്വരന്റെ മനുഷ്യർ മരിക്കും; കാസാൻദ്സാക്കീസിന്റെ മനുഷ്യർ മരിക്കില്ല (വാക്യങ്ങൾ ഏറിയകൂറും കാസാൻദ്സാക്കീസിന്റേത്).


കാസാൻദ്സാക്കീസിന്റെ ശവകുടീരത്തിലെ സ്മാരകലേഖം: “ഞാൻ ഒന്നും പ്രതീക്ഷിക്കുന്നില്ല; ഞാൻ ഒന്നും ഭയപ്പെടുന്നില്ല; ഞാൻ സ്വതന്ത്രനാണ്.”

സുന്ദരമായ കൊച്ചുനോവലാണ് Serpent and Lily എന്നു ഞാൻ എഴുതിയല്ലോ. തന്റെ മോഡലിനെക്കണ്ടു കാമത്തിൽ വീഴുന്ന ഒരു കലാകാരന്റെ കഥയാണത്. ആദ്യത്തെ കാമാവേശം പിന്നീട് ഉത്കടവികാരമായി മാറുന്നു. അതിൽനിന്നു രക്ഷനേടാൻ വധം മാത്രമേ പ്രയോജനപ്പെട്ടു. കഥ പറയുന്ന ആളിന്റെ സുഹൃത്തായ കലാകാരൻ ഡയറിയുടെ രീതിയിലെഴുതിയതാണിത്. അതു തീർന്നപ്പോൾ കഥ പറയുന്ന ആളിന്റെ പരിചാരകൻ വന്ന് അയാളോട് ആവശ്യപ്പെട്ടു സുഹൃത്തിന്റെ വീട്ടിലേക്കു വേഗം പോകാൻ. ഭയജനകമായ കാഴ്ച. ജന്നൽ തുറക്കാനായി അവൾ അതിനടുത്തുവരെ വലിഞ്ഞിഴഞ്ഞ് ചെന്നിരിക്കണം. അവളുടെ കാലുകൾക്കടുത്തുള്ള പൂക്കൾ ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നു. അവളുടെ വിരലുകളിൽ രക്തം. ജന്നൽ തുറന്നു ശ്വസിക്കാൻ അവൾ നല്ലപോലെ ശ്രമിച്ചു എന്നതു വ്യക്തം. പക്ഷേ, കലാകാരൻ അതിനു സമ്മതിച്ചില്ല എന്നതും സ്പഷ്ടം. തളർന്നുവീണ അവളുടെ കണ്ണുകൾ പേടികൊണ്ടു വിടർന്നിരുന്നു. ഭീതിയും വെറുപ്പും അവളുടെ സുന്ദരമായ മുഖത്തെ, നിഷ്കളങ്കമായ മുഖത്തെ വിരൂപമാക്കിയിരുന്നു. അയാൾ—കലാകാരൻ—പ്രശാന്തമായ മന്ദസ്മിതത്തോടെ അവളുടെ അടുത്തു നീണ്ടുനിവർന്നു കിടക്കുകയാണ്. അവാച്യമായ സ്നേഹത്തോടെ അയാൾ കൈകൾ അവളുടെ കഴുത്തിൽ ചുറ്റിയിട്ടുണ്ട്. അവർക്കു മുകളിൽ ഒരു ചിത്രം. ചുരുളുകൾ നിവർത്തിക്കൊണ്ട് ഒരു വലിയ സർപ്പം ഒരു മണൽക്കാട്ടിലൂടെ ‘ഓടുന്നു’. അഗ്നിയുടെ ചുവപ്പോടുകൂടി സൂര്യൻ അസ്തമിക്കുന്നു. വിഷം ഒഴുകുന്ന സർപ്പത്തിന്റെ വായിൽ നല്ലപോലെ വെളുത്തതും വാടുന്നതുമായ ലിലിപ്പൂവ്.

സാഹിത്യത്തിന്റെ നൂതനമൂല്യങ്ങൾ മാനദണ്ഡങ്ങളാക്കി പരിശോധിക്കുന്നവർക്ക് ഈ നോവൽ ജീർണ്ണിച്ച കാല്പനികതയാണെന്നു തോന്നാം. എനിക്കിതു മനോഹരമായ കവിതയാണെന്നാണു തോന്നിയത്. യുഗനിർമ്മാതാവ് എന്നു കരുതപ്പെടുന്ന ഒരു ഗ്രീക്ക് ജേണലിസ്റ്റ് ഇതിനെക്കുറിച്ചു പറഞ്ഞത് ഇങ്ങനെ: “The Serpent and the Lily painted all in red, with a scattering of pages full of force and the south wind, and dizzying penetrating aromas. Arabian aromas in fact, just as the writer’s pen surges forth like an Arabian horse… This work contains an unsubduable rebellious spirit. It is a kind of battle against nature, woman, love, and his own self.”

(Serpent and Lily—A Novella; Nikos Kazantzakis; Translated by Theodora Vasils, University of California Press, Berkeley, Price $ 8.95.)

മനുഷ്യസ്വഭാവം

പരീക്ഷ ജയിച്ചിട്ട് വെറുതെ നടക്കുന്ന നിങ്ങളെ ഞാൻ കാണുന്നുവെന്നിരിക്കട്ടെ. ഉടനെ ഞാൻ പറയും: “പബ്ലിക് ലൈബ്രറിയിൽ ചേർന്നു വല്ല പുസ്തകവുമെടുത്തു വായിച്ചു കൂടേ?” നിങ്ങൾ ചേരുന്നില്ല. കാണുമ്പോഴൊക്കെ ഞാൻ ചോദിക്കും. ‘ലൈബ്രറിയിൽ അംഗമായോ?’ എന്റെ ഉപദ്രവം സഹിക്കാതെ നിങ്ങൾ ലൈബ്രറിയിൽ അംഗമാകുന്നു. പുസ്തകമെടുത്തു വായിക്കുന്നു. അതു ഞാനറിഞ്ഞാൽ പിന്നെ എനിക്കു നിങ്ങളെ കാണുമ്പോൾ മൗനമാണ്. മാത്രമല്ല എന്റെ കൂട്ടുകാരനോടു പറയുകയും ചെയ്യും ‘അവന്റെ ഒരു വായന!’ നിങ്ങൾ നിരന്തരം പുസ്തകങ്ങളെടുക്കുന്നു, വായിക്കുന്നു, വിജ്ഞാനമാർജ്ജിക്കുന്നു. അതറിഞ്ഞ ഞാൻ എന്റെ കൂട്ടുകാരനോട് ഇങ്ങനെ: ‘അവൻ വായിക്കുന്നുണ്ട്. പക്ഷേ, വായിച്ചാൽ മനസ്സിലാവില്ല’. ലൈബ്രറിയിലെ പുസ്തകങ്ങൾ പോരെന്നു തോന്നിയതുകൊണ്ടു നിങ്ങൾ പണം കൊടുത്തു പുതിയ പുസ്തകങ്ങൾ വാങ്ങുന്നു. അവയെക്കുറിച്ച് പത്രങ്ങളിൽ, വാരികകളിൽ എഴുതുന്നു. അതുകണ്ട ഞാൻ കൂട്ടുകാരനോടു പറയുന്നു: “അവൻ പുസ്തകങ്ങൾ വാങ്ങുന്നുവെന്നേയുള്ളു. റാപ്പറിൽ അച്ചടിച്ചതു മാത്രം വായിക്കും. അങ്ങിങ്ങായി മറിച്ചു നോക്കിയിട്ട് ചിലതൊക്കെ ഉദ്ധരിക്കുന്നു. അത്രേയുള്ളു.’ നിങ്ങൾ എഴുതി പേരെടുക്കുന്നു. എനിക്ക് അതുതീരെ സഹിക്കുന്നില്ല. എന്റെ അടുത്ത ജോലി പത്രാധിപരെക്കണ്ട് നിങ്ങളുടെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കാൻവേണ്ടി ഏഷണി കൂട്ടുക എന്നതാണ്.

ഇതാണ് മനുഷ്യസ്വഭാവം എവിടെ സൗകര്യം കിട്ടുമോ അവിടെ പമ്പരവിഡ്ഢിത്തം കാണിക്കുന്ന ഒരു സുഹൃത്ത് എനിക്കുണ്ട്. അദ്ദേഹം ആദ്യമായി കോളേജിൽ അധ്യാപകനായി വന്ന ദിവസം. അദ്ദേഹത്തിനു മൂത്രശങ്ക. സ്റ്റാഫ്റൂമിൽനിന്നിറങ്ങി ഒറ്റനടത്തം ആദ്യം കണ്ട മൂത്രപ്പുരയിലേക്ക് തിരിച്ചിറങ്ങിയപ്പോൾ പെൺപിള്ളേർ കൂട്ടച്ചിരി ചിരിക്കുന്നു. അധ്യാപകൻ അവർക്കുള്ള യൂറിനലിലേക്ക് അങ്ങു പോയതാണ്. ഭാഗ്യംകൊണ്ടോ ദൗർഭാഗ്യംകൊണ്ടോ അതിനകത്ത് ഒരു പെൺകുട്ടിയും ഉണ്ടായിരുന്നില്ല. കൂട്ടച്ചിരികേട്ടു ഞങ്ങൾ ജന്നിൽക്കൂടി നോക്കിയപ്പോഴാണ് അധ്യാപകൻ തലതാഴ്ത്തി പുഞ്ചിരി പൊഴിച്ചുകൊണ്ടു വരുന്നതു കണ്ടത്. പിന്നെ കൂട്ടച്ചിരി ഞങ്ങളുടേതായിരുന്നു. അടുത്തദിവസം അദ്ദേഹം ആരോടും ചോദിക്കാതെ ചെന്നു കയറിയത് പ്രിൻസിപ്പലിന്റെ യൂറിനലിലേക്കാണ്. അനുഷ്ഠിക്കേണ്ടത് അനുഷ്ഠിച്ച് കഴിഞ്ഞു പുറത്തേക്കു പോരുമ്പോഴാണ് ധിക്കൃത ശക്രപരാക്രമനാകിന നക്തഞ്ചരൻ പ്രിൻസിപ്പൽ അങ്ങോട്ടേക്കു പോയത്. കാര്യം ഗ്രഹിച്ച അദ്ദേഹം അധ്യാപകനോടു പറഞ്ഞു: “This urinal is for the Principal’s exclusive use. Don’t repeat what you did here now.” അന്നും ഞങ്ങളൊക്കെ ചിരിച്ചു. ഈ അധ്യാപകനുമൊരുമിച്ച് ചില വിദ്യാർത്ഥികൾ മധുരമീനാക്ഷി ക്ഷേത്രം കാണാൻ പോയതു ഞാൻ മുൻപൊരിക്കൽ എഴുതിയിരുന്നു. റിപ്പീറ്റ് ചെയ്യുന്നതു ക്ഷന്തവ്യമല്ലെങ്കിലും വായനക്കാർ ക്ഷമിക്കണം. ആൺപിള്ളേരും പെൺപിള്ളേരും ക്ഷേത്രത്തിലേക്കു പൊയ്ക്കഴിഞ്ഞപ്പോൾ അധ്യാപകൻ ഹോട്ടൽമുറികളാകെ പരിശോധിച്ചു. രണ്ടോ മൂന്നോ പെൺകുട്ടികൾ അമ്പലത്തിൽ പോകാതെ മുറിയിലിരിക്കുന്നതു കണ്ട് അധ്യാപകന്റെ കോപം ജ്വലിച്ചു.

അധ്യാപകൻ: എന്താ നിങ്ങൾ മാത്രം അമ്പലത്തിൽ പോകാത്തതു?

പെൺകുട്ടികൾ: ഞങ്ങൾക്കു പോകണ്ട സാർ.

അധ്യാപകൻ: ക്ഷേത്രം കാണാൻ തിരുവനന്തപുരത്തുനിന്നു മധുരവരെ വന്നിട്ട് ഇവടെത്തന്നെ ഇരിക്കുന്നോ? എന്തുകൊണ്ടു പോകണ്ട? ഉടൻ എനിയ്ക്കറിയണം.

പെൺകുട്ടികൾ: ഞങ്ങൾക്കു സുഖമില്ല സാർ.

അധ്യാപകൻ: എന്തു സുഖക്കേട്? കണ്ടിട്ടു സുഖക്കേടൊന്നുമില്ലല്ലോ.

പെൺകുട്ടികൾ വിഷമിച്ചു. അധ്യാപകൻ ചാടിത്തകർത്തിട്ടു സ്ഥലംവിട്ടു. പെൺകുട്ടികൾ വാപൊത്തിച്ചിരിച്ചു.

ഇങ്ങനെയുള്ള റ്റൈപ്പുകൾ ഈ ലോകത്തു ധാരാളമുണ്ട്. അവരിൽപ്പെട്ട വേറെ റ്റൈപ്പുകളെയാണ് ശ്രീമതി എം. ഡി. രത്നമ്മ വിദഗ്ധമായ “ഗോപീകൃഷ്ണന്മാരേ നിങ്ങളെയോർത്ത്” എന്ന കഥയിൽ ചിത്രീകരിക്കുന്നത്. കഥ സംഗ്രഹിച്ചെഴുതിയാൽ പാരായണത്തിനു ജനിക്കുന്ന ആഹ്ലാദത്തിനു ന്യൂനത്വം വരും. അതുകൊണ്ട് കഥതന്നെ വായിച്ചുനോക്കട്ടെ വായനക്കാർ. നല്ല സറ്റയറായിട്ടുണ്ട് എം. ഡി. രത്നമ്മയുടെ രചന (കഥ കലാകൗമുദിയിൽ).

എൻ. ഇ. ബാലറാം

എൻ. ഇ. ബാലറാം

വേണാടു ഭരിച്ചിരുന്ന മാർത്താണ്ഡവർമ്മയെ ഫിക്ഷന്റെ തലത്തിലേക്കു കൊണ്ടുചെല്ലുമ്പോൾ അദ്ദേഹം കഥാപാത്രമായ മാർത്താണ്ഡവർമ്മ മാത്രമാണ്. രാജ്യം ഭരിച്ച രാജാവിനെയും മാങ്കോയിക്കൽ ഭവനത്തിൽ ആശ്രയം തേടിയ യുവരാജാവിനെയും താരതമ്യപ്പെടുത്തി ആ കഥാപാത്രത്തെ അഭിനന്ദിക്കുന്നതിലോ നിന്ദിക്കുന്നതിലോ അർത്ഥമില്ല. ഫിക്ഷന്റെ മണ്ഡലത്തിലാണ് കഥാപാത്രം വിഹരിക്കുന്നത്. ഫിക്ഷന്റെ നിയമങ്ങളാൽ ആ കഥാപാത്രം ഭരിക്കപ്പെടുന്നു. മാർകേസിന്റെ നോവലിലെ കഥാപാത്രമായ സീമോൻ ബോലീബാറും (Simon Bolivar) തെക്കേ അമേരിക്കൻ വിപ്ലവകാരിയായിരുന്ന സീമോൻ ബോലീബാറും (1783–1830) ഒരാളായിരിക്കാം. പക്ഷേ, നോവലിലെ കഥാപാത്രം അതിന്റെ നിയമങ്ങളനുസരിച്ച് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ട് കലയുടെ മാത്രമായ വിശ്വാസ്യത ഉളവാക്കുന്നുണ്ട്. വിപ്ലവകാരിയെ മാർകേസ് അപമാനിച്ചുവെന്നു പറഞ്ഞ് ലാറ്റിനമേരിക്കൻ ദേശങ്ങളിൽ ബഹളം കൂട്ടുന്നതിൽ അർത്ഥമില്ലെന്ന് ശ്രീ. എൻ. ഇ. ബാലറാം അഭിപ്രായപ്പെടുന്നതിനോടു വിവേകമുള്ളവർക്കു യോജിക്കാനാവും (ബാലറാമിന്റെ ലേഖനം ഭാഷാ പോഷിണിയിൽ). പക്ഷേ, ഐശ്വരാംശമുള്ളവരെ, ഈശ്വരന്മാരായിക്കരുതി ബഹുജനം ആരാധിക്കുന്നവരെ ഫിക്ഷന്റെ തലത്തിലായാലും നിന്ദിക്കാനോ അപമാനിക്കാനോ പാടില്ലെന്ന മതം എനിക്കുണ്ട്. കാരണം ലോകസംസ്കാരം അതുകൊണ്ടു തകർന്നുപോകുമെന്നതാണ്.

ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുന്നതിനെക്കാൾ എനിക്കിഷ്ടം ചങ്ങമ്പുഴയായി കേരളത്തിൽ ജീവിക്കാനാണ്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.